KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.200/PR/PIC/PHQ/18 Date : 13.08.2018

**കേരള പോലീസിന്റെ അഭിമാന പദ്ധതിയായ സൈബർ ഡോം - ഇനി തെലുങ്കാനയിലേക്കും.**

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് വേണ്ടി കേരള പോലീസ് ആരംഭിച്ച സൈബർ ഡോം ഇനി തെലുങ്കാന പോലീസിലേക്കും. പദ്ധതിയുടെ വിജയവും സൈബർ സുരക്ഷയും ആഗോള പ്രശസ്തി നേടിയതിന് പിന്നാലെയാണ് തെലുങ്കാന പോലീസ് കേരള പോലീസിന്റെ അഭിമാന പദ്ധതിയായ സൈബർ ഡോം തുടങ്ങാൻ പദ്ധതിയിടുന്നത്. അതിന് വേണ്ടി തെലുങ്കാന പോലീസിലെ ഉന്നത ഉദ്യോഗസ്ഥർ തിരുവനന്തപുരം ടെക്നോ പാർക്കിലെ സൈബർ ഡോം ആസ്ഥാനത്തെത്തിയിരുന്നു. സംസ്ഥാന പോലീസ് മേധാവി സൈബർ ഡോം മേധാവി മനോജ് എബ്രഹാം എന്നിവരുടെ നിർദ്ദേശാനുസരണം സൈബർ ഡോം ഓപ്പറേഷൻസ് ഓഫീസർ പ്രകാശ് തെലുങ്കാന സംഘത്തിന് പ്രവർത്തനങ്ങൾ വിവരിച്ച് നല്കി. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്തു തന്നെ തെലുങ്കാനയിൽ സൈബർ ഡോമിന്റെ പ്രവർത്തനം ആരംഭിക്കും.

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കേരള പോലീസ് ആരംഭിച്ച സൈബർ ഡോം ഇതിനകം തന്നെ ലോക ശ്രദ്ധ ആകർഷിക്കുകയും സൈബർ കുറ്റ രംഗത്തെ മികച്ച അന്വേഷണത്തിനുള്ള രാജ്യാന്തര പുരസ്കാരങ്ങൾ നേടുകയും ചെയ്തിരുന്നു. ഇതിന്റെ ചുവടു പിടിച്ച് രാജ്യത്തെ ആറു സംസ്ഥാനങ്ങൾ സൈബർ ഡോമിന്റെ മാതൃക അവരവരുടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

ഫോട്ടോ ക്യാപ്ഷൻ

തെലുങ്കാന പോലീസിൽ സൈബർ ഡോം രൂപീകരിക്കുന്നതിന്റെ ഭാഗമായി ടെക്നോ പാർക്കിലെ സൈബർ ഡോം ആസ്ഥാനത്ത് എത്തിയ തെലുങ്കാന പോലീസ് സംഘത്തിന് സൈബർ ഡോം ടീം പദ്ധതികൾ വിശദീകരിക്കുന്നു.


KERALA POLICE
CYBERDOME
EXIT